**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135** **04-02-2026 - ൽ മറുപടിയ്ക്ക്**

**റബറിന്റെ സംഭരണവില ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബറിന്റെ ഉല്പാദന ചെലവ് ഗണ്യമായി വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ റബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി ഉയർത്താൻ സർക്കാർ നടത്തിയ ഇടപെടൽ വിശദമാക്കാമോ; | (എ) | റബർ കൃഷിയിലെ ഉൽപാദന ചെലവ് വർദ്ധിക്കുകയും, പ്രായാധിക്യം മൂലം റബ്ബർ മരങ്ങളുടെ ഉൽപാദനക്ഷമത കുറയുകയും ചെയ്യുന്ന സാഹചര്യം സർക്കാർ ഗൗരവമായി വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റബ്ബറിന്റെ പുനർ നടീൽ സഹായം നിലവിലുണ്ടായിരുന്ന 25,000 രൂപയിൽ നിന്നും 50,000 രൂപയാക്കി ഉയർത്തണം എന്നും തുടർന്ന് യഥാർത്ഥ ചിലവിന്റെ 25% അനുവദിക്കണം എന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഈ വിഷയം നേരിട്ടും കത്തുകൾ മുഖേനയും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും പുനർ നടീൽ സഹായമായി 40,000 രൂപ മാത്രമാണ് കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്നത്.<br><br>റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ലോകബാങ്ക് പദ്ധതിയായ 'കേര' (Kerala Climate Resilient Agri-Value Chain Modernisation Project) പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പ്രധാന റബർ കൃഷി ജില്ലകളായ കണ്ണൂർ, മലപ്പുറം, എറണാകുളം, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ കാലഹരണപ്പെട്ട റബർ മരങ്ങൾ മുറിച്ചുമാറ്റി പുതിയ തൈകൾ നടുന്ന പദ്ധതിയിൽ 30,000 ഹെക്ടർ ലക്ഷ്യമിട്ടിട്ടുണ്ട്. റബർ ബോർഡ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഹെക്ടറിന് ₹75,000 വീതം (₹55,000 ആദ്യ വർഷവും ₹20,000 രണ്ടാം വർഷവും) രണ്ട് ഘട്ടങ്ങളിലായി റീ-പ്ലാന്റിംഗ് സബ്സിഡി അനുവദിക്കുന്ന വിധമാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. അഞ്ച് ഹെക്ടർ വരെ റബർ കൃഷിയുള്ള ചെറുകിട കർഷകർക്ക് പരമാവധി രണ്ട് ഹെക്ടർ വരെ ഈ ആനുകൂല്യം ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| | | | ഇതോടൊപ്പം സാങ്കേതിക പിന്തുണയും പരിശീലനവും പദ്ധതിയുടെ ഭാഗമായി നൽകിവരുന്നു. |
| (ബി) | റബറിന്റെ താങ്ങുവില 2011-2016 കാലയളവിൽ ഉണ്ടായിരുന്ന 150 രൂപയിൽ നിന്നും കഴിഞ്ഞ പത്തു വർഷം കൊണ്ട് വെറും 50 രൂപ മാത്രമാണ് വർധിപ്പിക്കാൻ സാധിച്ചത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | റബ്ബർ കർഷകർക്ക് ആശ്വാസമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (RPIS) 2015 മുതൽ നടപ്പാക്കി വരുന്നു. പദ്ധതിയിലൂടെ താങ്ങുവിലയും വിപണി വിലയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുക വഴി നാളിതുവരെ 2079.41 കോടി രൂപ സബ്സിഡിയായി കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. റബ്ബർ വിപണി വില അടിസ്ഥാന വിലയേക്കാൾ ഉയർന്നു നിൽക്കുന്ന സമയത്ത് പദ്ധതി ഇടപെടൽ ആവശ്യമില്ല.<br><br>റബർ കൃഷിയുമായി ബന്ധപ്പെട്ട ഉൽപാദന ചെലവുകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നുണ്ട് എന്ന കാര്യം സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് റബർ കർഷകരുടെ വരുമാനം സംരക്ഷിക്കുന്നതിനായി സർക്കാർ ഇടപെടലുകൾ നടത്തിയത്. 2015 കാലയളവിൽ കിലോഗ്രാമിന് ₹150 ആയിരുന്ന റബറിന്റെ താങ്ങുവില 01.04.2021 മുതൽ ₹170 ആയും 01.04.2024 മുതൽ ₹180 ആയും 01.11.2025 മുതൽ കിലോഗ്രാമിന് ₹200 ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | റബറിനു സംസ്ഥാന സർക്കാർ നൽകി വരുന്ന താങ്ങുവില 250 രൂപയാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | റബർ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (RPIS) വഴിയുള്ള ധനസഹായം 01/11/2025 മുതൽ 200 രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>റബ്ബറിന്റെ താങ്ങുവില 250 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകണമെന്ന് കേന്ദ്രസർക്കാരിനോട് പല തവണ നേരിട്ടും കത്തു മുഖാന്തിരവും അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ